## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യം നമ്പർ 8372**

**25.07.2012 ൽ മറുപടിയ്ക്ക്.**

# അട്ടപ്പാടിയിലെ 'അഹാഡ്സ്' പദ്ധതി

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | മറുപടി<br>ശ്രീമതി പി കെ ജയലക്ഷ്മി<br><br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) 'അഹാഡ്സ്' പദ്ധതി അവസാനിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ; | (എ)ജപ്പാൻ ധനസഹായത്തോടെ അട്ടപ്പാടിയുടെ സമഗ്ര തരിശു ഭൂമി വികസനവും പരിസ്ഥിതി പുന:സ്ഥാപനവും ലക്ഷ്യമിട്ട്കൊണ്ട് അട്ടപ്പാടി പുനസ്ഥാപന പദ്ധതി (അഹാഡ്സ്) കേരള സർക്കാരിന്റെ ഗ്രാമവികസന വകുപ്പിനു കീഴിൽ 30.10.2005ൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഈ പദ്ധതി 2002ൽ ജനങ്ങളുടെ ആവശ്യ പ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, വരുമാനദായക പ്രവർത്തനങ്ങൾ എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി പുനർ ഘടന ചെയ്യുകയുണ്ടായി. പദ്ധതിക്കായുള്ള വിദേശ സഹായം 2010 മാർച്ച് 26നു അവസാനിച്ചുവെങ്കിലും 12 കോടി രൂപ പദ്ധതികളുടെ പൂർത്തീകരണത്തിനായി അനുവദിക്കുകയും കാലാവധി 2010 ഡിസംബർ 3 വരെ ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി. തുടർന്നു 2011-12 ബഡ്ജറ്റിൽ 17.5 കോടി രൂപ അനുവദിക്കുകയും കാലാവധി 31-12-2011 വരെയും ദീർഘിപ്പിച്ചു. ഇതിനു ശേഷം 2011-12 സാമ്പത്തിക വർഷം 8 കോടി രൂപ അനുവദിക്കുകയും വിവിധ ഉത്തരവുകളിലൂടെ കാലാവധി 31.3.2012 വരെ ദീർഘിപ്പിക്കുകയുമുണ്ടായി. 2012 മാർച്ച് 31ന് കാലാവധി അവസാനിച്ച അഹാഡ്സിന്റെ പോസ്റ്റ് പ്രോജക്റ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 12 പേരടങ്ങുന്ന കോർ സ്റ്റാഫിനെ നിലനിർത്തിക്കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രൊജക്ട് ഡയറക്റ്ററെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| (ബി) അഹാഡ്സിൽ എത്ര ആദിവാസി ജീവനക്കാർ തൊഴിലെടുത്തിരുന്നു; പദ്ധതി ഉപേക്ഷിച്ചാൽ ഇവരെ പുനരധിവസിപ്പിക്കുമോ ; | (ബി) അഹാഡ്സിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 108 ആദിവാസി ജീവനക്കാർ ജോലി ചെയ്തു വന്നിരുന്നു. ഇതു കൂടാതെ വനവത്കരണ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംയുക്ത വനപരിപാലന സമിതികൾ വഴി റൊട്ടേഷൻ വ്യവസ്ഥയിൽ 300 ഓളം വാച്ചർമാരും പരിസ്ഥിതി • സാക്ഷരത പരിപാടിയുടെ ഭാഗമായി 60 ഓളം ടീച്ചർമാരും ജോലിചെയ്തു വന്നിരുന്നു. ഇവരുടെ പുനർവിന്യാസം/തുടർ സാധ്യതകൾ സർക്കാർ പരിഗണനയിലാണ്. |
| (സി) അഹാഡ്സിന്റെ പ്രവർത്തനങ്ങളിലൂടെ അട്ടപ്പാടി ആദിവാസിമേഖലയിലുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ് ; | (സി) അട്ടപ്പാടി പുനസ്ഥാപന പദ്ധതിയിലൂടെ (അഹാഡ്സ്) വനവത്കരണ സംരക്ഷണ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സമ്പൂർണ്ണ ഊരു വികസന പ്രവർത്തനങ്ങൾ കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യം ഒരുക്കൽ, സാക്ഷരതാ പദ്ധതി എന്നിവ ആദിവാസി മേഖലകളിൽ നടപ്പാക്കുക യുണ്ടായി. |
| (ഡി) പ്രസ്തുത പദ്ധതിക്ക് ബദലായി എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) അഹാഡ്സിൽ ലഭ്യമായ ഭൗതിക സാഹചര്യങ്ങളും മനുഷ്യ വിഭവ ശേഷിയും ഉൾപ്പെടുത്തി സമഗ്ര പങ്കാളിത്ത പ്രകൃതി വിഭവ പരിപാലന പഠന പരിശീലന കേന്ദ്രം (AHADS-CCPRM) ആക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ